


# അമേരിക്കൻ സാമ്പത്തിക പ്രതിസന്ധി നൽകുന്ന പാഠങ്ങൾ

ലേഖനം ● മുഹമ്മദ് പാലത്ത്

**കഴിഞ്ഞ** വർഷം അമേരിക്കൻ സമ്പദ്ക്രമത്തിലുണ്ടായ പ്രതിസന്ധി പുതിയ ഘട്ടത്തിലേക്ക് പ്രവേശിച്ചിരിക്കുകയാണ്. നിരവധി ബാങ്കുകളുടെയും ധനകാര്യ സ്ഥാപനങ്ങളുടെയും തകർച്ച മുതലാളിത്ത വ്യവസ്ഥയെ വീണ്ടുവിചാരങ്ങൾക്ക് പ്രേരിപ്പിച്ചിരിക്കുന്നു. 1929–'32 കാലത്ത് അമേരിക്കൻ സമ്പദ്‌വ്യവസ്ഥയെയും തുടർന്ന് മൊത്തം ലോക സമ്പദ്ക്രമത്തെയും ബാധിച്ചതുപോലുള്ള സാമ്പത്തിക മാന്ദ്യത്തിലേക്കാണ് പതിയെ നടന്നുനീങ്ങുന്നതെന്ന് വിദഗ്ധർ ആശങ്കിക്കുന്നു.

ഭവന വായ്പാ രംഗത്താണ് പ്രതിസന്ധിയുടെ തുടക്കം. ഈ ദശകത്തിന്റെ ആദ്യവർഷങ്ങൾ മുതൽ 2006 മധ്യം വരെയും റിയൽഎസ്റ്റേറ്റ് മേഖലയിൽ വില കുതിച്ചു കയറുകയായിരുന്നു. പലിശനിരക്ക് കുറവായിരുന്നതിനാൽ ജനങ്ങൾ കടമെടുത്ത് വീടുകൾ സ്വന്തമാക്കി. ധനകാര്യ സ്ഥാപനങ്ങളാവട്ടെ സുരക്ഷിതമായ ഇടപാടുകളായി ഇവയെ കാണുകയും പ്രധാന വിപണിയായി കണ്ട് മുതലിറക്കുകയും ചെയ്തു. വൻ സ്ഥാപനങ്ങൾ നിക്ഷേപം ഈ മേഖലയിലേക്ക് തിരിച്ചുവിട്ടു. ഓഹരി വിപണിയിൽ നിന്നു പോലും നിക്ഷേപം പിൻവലിച്ച് റിയൽ എസ്റ്റേറ്റിൽ മുതലിറക്കി.

എന്നാൽ 2004 മുതൽ പലിശ നിരക്ക് ഉയരാൻ തുടങ്ങി. 2004നും 2006നും ഇടയിൽ കേന്ദ്ര ബാങ്കായ ഫെഡറൽ റിസർവ് 17 തവണയാണ് പലിശനിരക്ക് വർധിപ്പിച്ചത്. 2005 അവസാനമായതോടെ ഹൗസിംഗ് വിപണിയെ ഇത് ബാധിച്ചുതുടങ്ങി. വൻ പലിശക്ക് കടമെടുത്ത് ഈ രംഗത്ത് മുതൽമുടക്കാൻ ആളുകൾ കുറഞ്ഞതോടെ ഹൗസിംഗ് ഡിമാന്റ് കുത്തനെ ഇടിഞ്ഞു. വിലയും അതിനനുസരിച്ച് താഴേക്കിറങ്ങി. നിർമാണം പൂർത്തിയായ 40 ലക്ഷം വീടുകൾ വാങ്ങാനാളില്ലാതെ കിടക്കുന്നതായി മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നു. നിർമാതാക്കൾ വില കുറക്കാൻ നിർബന്ധിതരായി. കഴിഞ്ഞ വർഷം 5 ശതമാനവും ഈ വർഷം 10 ശതമാനവും വില കുറഞ്ഞു. ധനകാര്യ സ്ഥാപനങ്ങൾ സുരക്ഷിത നിക്ഷേപത്തിന് വേറെ മേഖല അന്വേഷിച്ചു തുടങ്ങി. അങ്ങനെയാണ് പെട്രോളിയം വിപണിയിലും സ്വർണത്തിലും നിക്ഷേപം വർധിച്ചത്.

അതോടെ അവയുടെ വില വർധിച്ച് മറ്റു രാഷ്ട്രങ്ങൾക്കും ലോക സമ്പദ്വ്യവസ്ഥക്ക് തന്നെയും പ്രതിസന്ധി സൃഷ്ടിച്ചു. അന്നൊക്കെ അമേരിക്ക മറ്റു രാഷ്ട്രങ്ങളെ പഴിചാരാനാണ് ശ്രമിച്ചത്. എന്നാൽ പ്രതിസന്ധി മൂർഛിച്ചതോടെ തിരിച്ചടി സമ്മതിക്കാതെ വയ്യ എന്നായിരിക്കുന്നു.

പ്രതിസന്ധി സമ്പദ്വ്യവസ്ഥയെ മൊത്തത്തിൽ ബാധിച്ചുകൊണ്ടിരിക്കുന്നു. നിർമാണ വ്യവസായം തകർന്നു. 20 ലക്ഷം പേർക്ക് തൊഴിൽ നഷ്ടമായി. നിർമാണ കമ്പനികൾ പലതും പൂട്ടി. സാമ്പത്തിക വളർച്ചാ നിരക്ക് പിന്നോട്ടടിച്ചു.

ഉയർന്ന വില നിശ്ചയിച്ച് വീടുകൾ ഈടായി സ്വീകരിച്ച് വായ്പ നൽകിയ ബാങ്കുകൾ പ്രതിസന്ധിയിലായി. വില താഴ്ന്നതോടെ കടം തീർക്കുന്നതിലും ഭേദം വീടുകൾ ബാങ്കിനു നൽകി സ്ഥലം വിടലാണ് എന്ന അവസ്ഥ വന്നതോടെ പലരും താക്കോൽ പോസ്റ്റലായി ബാങ്കി നയച്ച് വീടൊഴിഞ്ഞു. അമേരിക്കൻ നിയമമനുസരിച്ച് ബാങ്ക് നൽകിയ കടങ്ങൾ ഒന്നിച്ച് കടപ്പത്രമാക്കി മറ്റു ധനകാര്യ സ്ഥാപനങ്ങൾക്ക് കൈമാറാനാവും. ബാങ്കുകൾ കൂടുതൽ പണവും ലാഭവും നേടാൻ കടങ്ങൾ കടപ്പത്രങ്ങളാക്കി മറ്റു സ്ഥാപനങ്ങൾക്ക് വിറ്റിരുന്നു. ഇത്തരം സ്ഥാപനങ്ങളെയാണ് പ്രതിസന്ധി ആഴത്തിൽ ബാധിച്ചത്. ധനകാര്യ സ്ഥാപനങ്ങളുടെ നഷ്ടം 220 ബില്യൻ ഡോളർ മുതൽ 450 ബില്യൻ ഡോളർ വരെ വരുമെന്നാണ് ഏകദേശ കണക്ക്. ഒരു ട്രില്യൻ ഡോളറിനുള്ള ബോണ്ടുകളുടെ വില പുനർനിർണയിക്കേണ്ടിവരും.

വായ്പകൾ തിരിച്ചടക്കുന്നതിൽ വീഴ്ചവരുത്തുന്നവർക്കും മോശമായ ഇടപാടുകാർക്കും നൽകിയ കടങ്ങൾ ബാങ്കുകൾക്ക് ഉയർന്ന പലിശ നിരക്കിൽ മറ്റു ചില ധനകാര്യ സ്ഥാപനങ്ങൾക്ക് കൈമാറാം. ഇതിനെയാണ് സബ് പ്രൈം വിപണി എന്നു പറയുന്നത്. സാധാരണ പലിശനിരക്ക് 5 ശതമാനമാണെങ്കിൽ സബ് പ്രൈം വിപണിയിൽ അത് 15 ശതമാനമായിരിക്കും. അമിത ലാഭം പ്രതീക്ഷിച്ച് സബ് പ്രൈം വിപണിയിൽ നിക്ഷേപമിറക്കാൻ സ്ഥാപനങ്ങൾ മത്സരിക്കുകയായിരുന്നു. ഈടായി വീടും കെട്ടിടങ്ങളുമൊക്കെ കൈയിലുള്ളതിനാൽ റിസ്ക് കുറവാണ് എന്നതും വൻ പലിശ ലഭിക്കും എന്നതും ഈ മേഖല ആകർഷകമാക്കി. എന്നാൽ റിയൽ എസ്റ്റേറ്റ് ബൂം പൊട്ടിത്തകർന്നതോടെ കൂടുതൽ പ്രഹരമേറ്റത് ഈ കമ്പനികൾക്കായിരുന്നു.

കഴിഞ്ഞ വർഷം മാർച്ചിലാണ് തകർച്ചയുടെ ആരംഭം. റിയൽ എസ്റ്റേറ്റ് കടപത്രങ്ങൾ ഏറ്റവും കൂടുതൽ വാങ്ങിക്കൂട്ടിയ ന്യൂ സെഞ്ചറി ഫൈനാൻഷ്യൽ എന്ന സ്ഥാപനം പാപ്പരായി പ്രഖ്യാപിക്കാൻ കേന്ദ്ര ബാങ്കിനെ സമീപിച്ചു. തുടർന്ന് വിവിധ സ്ഥാപനങ്ങളും നിക്ഷേപകരും പണം പിൻവലിക്കാൻ തുടങ്ങിയതോടെ നിരവധി സ്ഥാപനങ്ങൾ തകർച്ചയിലേക്ക് നീങ്ങി. ഓഹരി വിപണിയിലും ഇത് പ്രതിഫലനങ്ങൾ സൃഷ്ടിച്ചു. ആഗോള ഓഹരി സൂചികയായ ഡൗജോൺസ് ഇൻഡക്സ് താഴേക്കിറങ്ങി. ഇത് യൂറോപ്പിനെയും മറ്റു പ്രധാന ഓഹരി വിപണിയെയും ബാധിച്ചു. ജപ്പാൻ, ജർമനി തുടങ്ങി ചൈനയിൽ വരെ പ്രതിസന്ധിയുടെ തരംഗങ്ങൾ ദൃശ്യമായി. സാമ്പത്തിക വളർച്ച പതിയെ താഴേക്കിറങ്ങാനുള്ള പ്രവണതയും കണ്ടുതുടങ്ങി.

പ്രതിസന്ധി രൂക്ഷമായതോടെ പല ചെറു സ്ഥാപനങ്ങളും തകർച്ചയെ മറികടക്കാൻ വൻ സ്ഥാപനങ്ങളിൽ ലയിച്ചു. ബെയർ സ്റ്റേഴ്സ് ഫൈനാൻസ് ഹൗസ് ജെ.പി മോർഗനിലും മെറിൽ ലിഞ്ച് ബാങ്ക് ഓഫ് അമേരിക്കയിലും ലയിച്ചു. ഫാനിമേ, ഫ്രെഡിമാക് എന്നീ സ്ഥാപനങ്ങളെ സർക്കാർ ഏറ്റെടുത്തു. എന്നാൽ ഒന്നര നൂറ്റാണ്ട് പഴക്കമുള്ള ലേമേൻ ബ്രദേഴ്സിനെ ഏറ്റെടുക്കാൻ ആരും തയാറായില്ല. ഈ സ്ഥാപനത്തിന്റെ മൊത്തം ഇടപാട് 2007-ൽ 57 ബില്യൻ ഡോളറായിരുന്നെങ്കിൽ 2008-ൽ അതേ കാലയളവിൽ രണ്ട് ബില്യൻ ഡോളറായി കൂപ്പുകുത്തി. തങ്ങളെ പാപ്പരായതായി പ്രഖ്യാപിക്കണമെന്ന് ലേമേൻ ബ്രദേഴ്സ് കേന്ദ്ര ബാങ്കിനോടാവശ്യപ്പെട്ടപ്പോഴാണ് ലോക ഫൈനാൻസ് മേഖല ഞെട്ടിയത്.

ലോകത്തെ ഏറ്റവും വലിയ ഇൻഷുറൻസ് കമ്പനിയായ അമേരിക്കൻ ഇന്റർനാഷണൽ ഗ്രൂപ്പ് (എ.ഐ.ജി) സർക്കാറിനോട് സഹായമഭ്യർഥിച്ചു. മോർഗൻ സ്റ്റാൻലിയും ഇതേ വഴിക്കുതന്നെ.

**മുതലാളിത്ത സാമ്പത്തിക രീതികളുടെ സഹജമായ ദൗർബല്യങ്ങളാണ് ഈ പ്രതിസന്ധിക്കു കാരണം എന്ന കാര്യത്തിൽ സംശയമില്ല. ലാഭത്തോടുള്ള അത്യാർത്തിയും അതുണ്ടാക്കിയ സാമ്പത്തിക ഉപകരണങ്ങളുമാണ് മുഖ്യ ഹേതു. ഉയരുന്ന പലിശ, വായ്പാ സൃഷ്ടിപ്പ്, സുതാര്യതയുടെ അഭാവം, അനിയന്ത്രിതമായ സ്വകാര്യവത്കരണം, ഊഹക്കച്ചവടത്തിലധിഷ്ഠിതമായ സാമ്പത്തിക കൈമാറ്റങ്ങൾ എന്നിവയാണ് മുമ്പെന്ന പോലെ ഇപ്പോഴും തകർച്ചക്ക് നിദാനമായത്. ഇവയുടെ പ്രയോഗങ്ങൾ വർധിച്ചതോടെ വീഴ്ചയുടെ ആഘാതവും കൂടി എന്നു മാത്രം.**

സാമ്പത്തിക പ്രതിസന്ധിയെ മറികടക്കാൻ സജീവമായി വിപണിയിലിടപെടാൻ കേന്ദ്ര ബാങ്കായ ഫെഡറൽ റിസർവ് തീരുമാനിച്ചിരിക്കുന്നു. തകർച്ച നേരിടുന്ന സ്ഥാപനങ്ങളെ പണം നൽകി കരകയറ്റാനാണ് ശ്രമം. 8500 കോടി ഡോളർ ഇപ്പോൾ തന്നെ നീക്കിവെച്ചു കഴിഞ്ഞു. അതോടെ പല സ്ഥാപനങ്ങളും സർക്കാർ നിയന്ത്രണത്തിലാവും. കഴിഞ്ഞ വർഷം സർക്കാർ ധനസഹായം നൽകിയ പല സ്ഥാപനങ്ങളും വീണ്ടും തകർന്ന സ്ഥിതിക്ക് ഇത് എത്രമാത്രം ഫലപ്രദമാവും എന്ന് പറയാനാവില്ല. മാത്രമല്ല നികുതിദായകന്റെ പണം ഇത്തരം ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത് ശരിയാണോ എന്ന നൈതിക പ്രശ്നവും നിലനിൽക്കുന്നു.

മുതലാളിത്ത സാമ്പത്തിക രീതികളുടെ സഹജമായ ദൗർബല്യങ്ങളാണ് ഈ പ്രതിസന്ധിക്കു കാരണം എന്ന കാര്യത്തിൽ സംശയമില്ല. ലാഭത്തോടുള്ള അത്യാർത്തിയും അതുണ്ടാക്കിയ സാമ്പത്തിക ഉപകരണങ്ങളുമാണ് മുഖ്യ ഹേതു. ഉയരുന്ന പലിശ, വായ്പാ സൃഷ്ടിപ്പ്, സുതാര്യതയുടെ അഭാവം, അനിയന്ത്രിതമായ സ്വകാര്യവത്കരണം, ഊഹക്കച്ചവടത്തിലധിഷ്ഠിതമായ സാമ്പത്തിക കൈമാറ്റങ്ങൾ എന്നിവയാണ് മുമ്പെന്ന പോലെ ഇപ്പോഴും തകർച്ചക്ക് നിദാനമായത്. ഇവയുടെ പ്രയോഗങ്ങൾ വർധിച്ചതോടെ വീഴ്ചയുടെ ആഘാതവും കൂടി എന്നു മാത്രം.

കൂടുതൽ കൂടുതൽ സമ്പത്ത് വെട്ടിപ്പിടിക്കണമെന്നും അതിന് ഏതു


ഉമർ ചാപ്ര


മുൻദിർ കഹ്ഫ്


ഖുർശിദ് അഹ്മദ്

മാർഗവും സ്വീകരിക്കാമെന്നുമുള്ള മുതലാളിത്ത മതം ജനങ്ങളുടെ ആർത്തി കുറച്ചൊന്നുമല്ല വർധിപ്പിച്ചത്. നേരത്തേ അതുണ്ടായിരുന്നുവെങ്കിലും അതിന് വ്യവസ്ഥാപിത സ്വഭാവം കൈവന്നത് ഇപ്പോഴാണ്. അതോടെ തങ്ങളുടെ അത്യാർത്തി ശമിപ്പിക്കുന്നതിനുള്ള പുതിയ രീതികൾ മുതലാളിത്തം വികസിപ്പിച്ചു. ആഗോളവത്കരണവും ഉദാരവത്കരണവും ലോകം മുഴുവൻ നടപ്പാക്കി മൂലധനത്തിന്റെ അനിയന്ത്രിതമായ പ്രവാഹത്തിന് വഴിയൊരുക്കിയത് ഇതാണ്. സാങ്കേതികവിദ്യയുടെ വികാസം കൂടിയായതോടെ ഊഹമൂലധനം ലോകസമ്പദ്വ്യവസ്ഥയുടെ തന്നെ നിയന്ത്രണം ഏറ്റെടുക്കുകയായിരുന്നു. അമേരിക്കൻ സമ്പദ്ക്രമത്തിന്റെ തകർച്ച മുഴുവൻ രാജ്യങ്ങളിലും അലയൊലി സൃഷ്ടിക്കുന്നത് അതുകൊണ്ടാണ്.

റിയൽ എസ്റ്റേറ്റ് മേഖലയിൽ കുതിപ്പുണ്ടാക്കി നിക്ഷേപകരെ ആകർഷിക്കാൻ അണിയറ നീക്കങ്ങൾ നടത്തിയ ഊഹമൂലധന വിപണി കഴിഞ്ഞ വർഷങ്ങളിൽ വൻലാഭം കൊയ്തെടുക്കുകയുണ്ടായി. സുരക്ഷിത നിക്ഷേപവും വൻ ലാഭവും സ്ഥാപനങ്ങളെ ഈ മേഖലയിൽ മുതലിറക്കാൻ പ്രേരിപ്പിച്ചു. ബാങ്കുകൾക്ക് പുറമെ ബോണ്ട് വിപണിയും മറ്റു ധനകാര്യ സ്ഥാപനങ്ങളും വൻതോതിൽ നിക്ഷേപമിറക്കി. ഊതിവീർപ്പിക്കപ്പെട്ട ബലൂൺ പൊട്ടിത്തകരാൻ അധികകാലം വേണ്ടിവന്നില്ല.

ബാങ്കുകൾ തങ്ങൾ നൽകിയ വായ്പകൾ കടപ്പത്രങ്ങളാക്കി ഇൻഷുറൻസ് കമ്പനികൾക്കും മറ്റു നിക്ഷേപ സ്ഥാപനങ്ങൾക്കും വിൽപന നടത്തി വായ്പാ പണം വേഗം തിരിച്ചെടുക്കുകയും വീണ്ടും വായ്പ നൽകി കൂടുതൽ ലാഭം കൊയ്യാൻ മത്സരിക്കുകയുമായിരുന്നു. കടപ്പത്രങ്ങൾ ഡെറിവേറ്റീവ് വിപണിയിലെത്തുകയും നിരവധി കൊടുക്കൽ വാങ്ങലുകൾക്ക് വിധേയമാവുകയും ചെയ്തു. യഥാർഥ ആസ്തിയേക്കാൾ നിരവധി മടങ്ങ് കൈമാറ്റങ്ങൾ നടന്നു. അഥവാ 'കടം' കൊടുക്കാനും വാങ്ങാനുമുള്ള ചരക്കായി മാറി. വാങ്ങുന്നയാൾ കൂടുതൽ വിലയ്ക്ക് വിൽപന നടത്തി ലാഭം കൊയ്തെടുത്തു. റിയൽ എസ്റ്റേറ്റ് വില കുറഞ്ഞതോടെ വിൽപന സാധ്യതയും മങ്ങിത്തുടങ്ങി.

വിപണിയിൽനിന്നുള്ള സർക്കാറിന്റെ പൂർണ പിൻമാറ്റമാണ് കാര്യങ്ങൾ കൂടുതൽ വഷളാക്കിയത്. സർക്കാറിന് വിപണിയിലുള്ള മുഴുവൻ നിയന്ത്രണങ്ങളും എടുത്തുമാറ്റണമെന്നാണ് ഇപ്പോൾ തകർച്ചയെ നേരിട്ട സ്ഥാപനങ്ങളൊക്കെയും ആവശ്യപ്പെട്ടിരുന്നത്. നിയന്ത്രണമില്ലാത്ത മത്സരത്തിലൂടെ പരമാവധി പണം നേടാമെന്ന മോഹമാണ് അതിനു കാരണം. എന്നാൽ മറ്റു വഴിയില്ലാതായപ്പോൾ സർക്കാറിലാണ് അഭയം തേടിയത് എന്നത് വിരോധാഭാസം തന്നെ. സർക്കാറാവട്ടെ പ്രതിസന്ധി മറികടക്കാൻ പരമാവധി പണമിറക്കി സ്ഥാപനങ്ങളെ കരകയറ്റാനുള്ള ശ്രമത്തിലാണ്. സർക്കാർ സഹായം സ്വീകരിക്കുന്നതോടെ സ്ഥാപനങ്ങളുടെ നിയന്ത്രണം സർക്കാറിനാവും. അനിവാര്യമായ സന്ദർഭത്തിൽ സർക്കാർ വിപണിയിൽ ഇടപെടണമെന്ന, 1930കളിലെ പ്രതിസന്ധിക്കു ശേഷം ജെ.എം കെയിൻസ് നടത്തിയ നിരീക്ഷണമാണ് ഇവിടെ പാലിക്കപ്പെട്ടത്. അതോടൊപ്പം സർവ സ്വതന്ത്രമായ ധനവ്യവസ്ഥക്ക് വേണ്ടി വാദിക്കുകയും മുഴുവൻ നിയന്ത്രണങ്ങളും നീക്കാൻ മുന്നിട്ടിറങ്ങുകയും ചെയ്തവർക്കുള്ള തിരിച്ചടി കൂടിയാണിത്.

ക്ലാസിക്കൽ ഇകണോമിക്സിന്റെ സിദ്ധാന്തമനുസരിച്ച് ഓരോ പ്രദാനവും ചോദനത്തെ സൃഷ്ടിക്കേണ്ടതാണ്. അത് ശരിയായിരുന്നെങ്കിൽ ഹൗസിംഗ് വിപണിയിൽ വീടുകൾ വാങ്ങാൻ ആളില്ലാത്ത അവസ്ഥ വരുമായിരുന്നില്ല. അമിത ഉൽപാദനം മൂലമുള്ള സാമ്പത്തിക മാന്ദ്യമാണ് 1930കളിലും പ്രതിസന്ധി സൃഷ്ടിച്ചത്. മുതലാളിത്ത വ്യവസ്ഥയുടെ സൈദ്ധാന്തിക അപചയമാണ് ഇത് വ്യക്തമാക്കിത്തരുന്നത്. ക്രയശേഷി സൃഷ്ടിക്കാതെയുള്ള ഉൽപാദനം ഒരിക്കലും ചോദനം ചെയ്യപ്പെടില്ല.

വായ്പാ സൃഷ്ടിപ്പ് (credit creation) വഴി യഥാർഥ തുകയുടെ നിരവധി മടങ്ങ് പണം കടമായി നൽകാമെന്ന ആധുനിക ബാങ്കിംഗ് രീതിയും ചോദ്യം ചെയ്യപ്പെടുന്നു. പണമുപയോഗിച്ച് പണം സൃഷ്ടിക്കാനുള്ള ശ്രമം, അഥവാ പണത്തെ വിനിമയ മാധ്യമം എന്നതിലുപരി ചരക്കായി കാണുന്ന രീതി ലാഭം മാത്രം ലക്ഷ്യംവെച്ചുള്ളതാണ്. ഇത് കമ്പോളത്തിൽ കൂടുതൽ പണം ഒഴുക്കുകയും വിലക്കയറ്റത്തിനിടയാക്കുകയും ചെയ്യും. കൃത്രിമമായി സൃഷ്ടിക്കപ്പെട്ട പണം മൂലമുണ്ടായ വിലക്കയറ്റമാണ് റിയൽ എസ്റ്റേറ്റ് വിപണിയിൽ തിരിച്ചിറങ്ങിയിരിക്കുന്നത്.

പലിശയും അതുവഴിയുള്ള അമിത ലാഭവും മുഖ്യ ലക്ഷ്യമായി കാണുന്ന സമ്പദ്വ്യവസ്ഥക്ക് ബാധിക്കാവുന്ന അനിവാര്യമായ പതനമാണ് ഇപ്പോൾ സംഭവിച്ചതെന്ന് ലോകത്തെ പ്രമുഖ സമ്പദ് വിദഗ്ധർ അഭിപ്രായപ്പെടുന്നു. പലിശ യഥാർഥ ഉൽപാദനമില്ലാത്ത പണം മാത്രം സൃഷ്ടിക്കുന്നു. ഇത് പണ

പ്പെരുപ്പവും അതുവഴി വിലക്കയറ്റവും അനിശ്ചിതത്വവും സൃഷ്ടിക്കുന്നു.

### ഇസ്‌ലാമിക സമ്പദ്‌വ്യവസ്ഥയും സാമ്പത്തിക പ്രതിസന്ധിയും

ഇപ്പോഴത്തെ സാമ്പത്തിക പ്രതിസന്ധി ഇസ്‌ലാമിക സമ്പദ് വിദഗ്ധർ നേരത്തെ പ്രവചിച്ചിരുന്നതാണ്. യഥാർഥ പണത്തേക്കാൾ അനവധി മടങ്ങ് ഇടപാടുകൾ നടത്തുന്ന ആധുനിക സമ്പദ്ക്രമം തകർച്ചയുടെ വക്കിലാണെന്ന് ജസ്റ്റിസ് മുഹമ്മദ് തഖി ഉസ്മാനി, ഡോ. ഉമർ ചാപ്ര, ഡോ. ഖുർശിദ് അഹ്മദ് തുടങ്ങിയ നിരവധി ഇസ്‌ലാമിക പണ്ഡിതർ നിരീക്ഷിച്ചിരുന്നു. പ്രതീക്ഷിച്ച തകർച്ച തന്നെയാണ് ഇപ്പോൾ സംഭവിച്ചതും. ഊതിവീർപ്പിച്ച ബലൂൺ പൊട്ടാതെ തരമില്ലല്ലോ.

ഇസ്‌ലാമിക സമ്പദ്‌വ്യവസ്ഥ സ്വതന്ത്ര കമ്പോള വ്യവസ്ഥയെ പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം അതിന്റെ ദൂഷ്യങ്ങൾ ഇല്ലാതാക്കാനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുകയും ചെയ്യുന്നു. മാന്യമായ ലാഭം അനുവദനീയമായ പോലെ ചൂഷണാധിഷ്ഠിത ലാഭം നിരോധിച്ചു. അതിനാൽ തന്നെ ആധുനിക സമ്പദ്‌വ്യവസ്ഥയുടെ തകർച്ചക്ക് ഹേതുവാകുന്ന എല്ലാ രീതികളും ഇസ്‌ലാമിന് അന്യമാണ്. ലോകമെങ്ങുമുള്ള ഇസ്‌ലാമിക ധനകാര്യ സ്ഥാപനങ്ങൾ തകർച്ചയിലും തലയുയർത്തി നിൽക്കുന്നത് അതിനാലാണ്.

ആദ്യമേ തന്നെ മനുഷ്യന്റെ ആർത്തിക്ക് നിയന്ത്രണമേർപ്പെടുത്തുകയാണ് ഇസ്‌ലാം. സമ്പത്തിന്റെ ഉടമാവകാശം അല്ലാഹുവിൽ നിക്ഷിപ്തമാക്കുകയും കൈകാര്യ കർതൃത്വം മാത്രം മനുഷ്യർക്ക് നൽകുകയും അതിൽ നിശ്ചിത അവകാശം സമൂഹത്തിലെ താഴേക്കിടയിലുള്ളവർക്ക് നിശ്ചയിക്കുകയും ദൈവ മാർഗത്തിലുള്ള വ്യയം ഏറ്റവും പുണ്യമേറിയതാണെന്ന് പ്രഖ്യാപിക്കുകയും ചെയ്തതിലൂടെ സമ്പത്തിനോടുള്ള ആർത്തി നിയന്ത്രിക്കപ്പെടുന്നു. ലാഭമുണ്ടാക്കാൻ ഏതു രീതിയും സ്വീകരിക്കാൻ ഇസ്‌ലാം അനുവദിക്കുന്നില്ല. പലിശ, ഊഹക്കച്ചവടം, അനിശ്ചിതത്വം എന്നിവയുടെ നിരോധനം ഇസ്‌ലാമിക ധനവ്യവസ്ഥയുടെ അടിസ്ഥാന ശിലകളാണ്. വായ്പാ സൃഷ്ടിപ്പ്, ഊഹക്കച്ചവടം, പണപ്പെരുപ്പം എന്നീ ദൂഷ്യങ്ങൾ ഇല്ലാതാവുന്നതോടെ ധനമേഖലയിൽ അച്ചടക്കം സാധ്യമാവുന്നു. സാമ്പത്തിക വിനിമയങ്ങൾ യഥാർഥ സാധന സേവനങ്ങളുടെ മേലാവണമെന്ന (Real Asset) നിഷ്കർഷ, അനിയന്ത്രിത ഇടപാടുകളെ അഥവാ ഊഹാധിഷ്ഠിത (Derivative) ഇടപാടുകളെ തടയുന്നു. കടവും പണവും വിൽക്കാനും വാങ്ങാനുമുള്ള ചരക്കായി ഇസ്‌ലാം കാണുന്നേയില്ല. അങ്ങനെ കാണുന്നതിനെ നിരോധിക്കുകയും ചെയ്തു. പണം വിനിമയ മാധ്യമം എന്ന നിലക്ക് അതിന്റെ ധർമങ്ങൾ നിർവഹിക്കുകയാണ് വേണ്ടത്. കടം രണ്ടു കക്ഷികൾ തമ്മിലുള്ള ഇടപാടാണ്, വിൽക്കാനും വാങ്ങാനുമുള്ളതല്ല. പലിശക്ക് പകരം ലാഭനഷ്ട പങ്കാളിത്ത രീതി പ്രോത്സാഹിപ്പിച്ചതിലൂടെ കിട്ടാകടം എന്ന അവസ്ഥയും നിയന്ത്രിക്കപ്പെടുന്നു. ന്യായമായ ലാഭം, ഉൽപാദന വളർച്ച, സന്തുലിത വിതരണം എന്നിവ സാധ്യമാക്കാൻ ഇസ്‌ലാമിക സാമ്പത്തിക വ്യവസ്ഥക്ക് മാത്രമേ കഴിയൂ.

കമ്പോളത്തിന്റെ അപ്രമാദിത്വത്തെ ഇസ്‌ലാം അംഗീകരിക്കുന്നില്ല. കമ്പോള ശക്തികൾക്ക് സ്വാതന്ത്ര്യം അനുവദിക്കുന്നതോടൊപ്പം ആവശ്യമായ ഘട്ടത്തിൽ സർക്കാർ ഇടപെടണമെന്നാണ് ഇസ്‌ലാം നിഷ്കർഷിക്കുന്നത്. ഈ ഇടപെടലാണ് സാമ്പത്തിക അച്ചടക്കം കൈവരിക്കാൻ സഹായിക്കുന്നത്. അടിസ്ഥാനാവശ്യ പൂർത്തീകരണമാണ്, വൻ സാമ്പത്തിക വളർച്ചയല്ല ഇസ്‌ലാമിന്റെ മുൻഗണനാ വിഷയം. അതിനാൽ വൻ മത്സരാന്തരീക്ഷം സൃഷ്ടിച്ച് കൂടുതൽ ഉൽപാദനം നടത്തി അവസാനം കടലിലെറിയുന്ന മുതലാളിത്ത രീതി ഇസ്‌ലാമിന് അന്യമാണ്.

യഥാർഥ പണപ്രവാഹത്തെ പ്രോത്സാഹിപ്പിക്കുന്ന ഇസ്‌ലാം സാങ്കൽപികമായ കൈമാറ്റങ്ങളോ കടത്തിന്റെ വിൽക്കൽ വാങ്ങലുകളോ അനുവദിക്കുന്നില്ല. കടത്തിന്റെ വിൽക്കൽ വാങ്ങലുകളാണ് ലോക സാമ്പത്തിക വിപണിയിൽ കൂടുതലും നടക്കുന്നത്. മുതലാളിത്ത രീതിയനുസരിച്ച് പണം ബാങ്കിൽ നിക്ഷേപിച്ചാൽ പലിശ ലഭിക്കും. ഇത് പണത്തെ ഉൽപാദന പ്രവർത്തനത്തിൽനിന്ന് തടയുമെന്നാണ് ഇസ്‌ലാമിന്റെ പക്ഷം. സമ്പത്തിന് സകാത്ത് നിശ്ചയിച്ചതിലൂടെ പണപ്രവാഹത്തെ പ്രോത്സാഹിപ്പിക്കുകയും വൻ വളർച്ച സാധ്യമാക്കുകയും ചെയ്യുന്നു. സന്തുലിത വളർച്ചയാണ് ഇസ്‌ലാം ലക്ഷ്യമിടുന്നത്. ഒരുവശം മാത്രം വളർന്ന് വിരൂപമാവുകയും പിന്നീടത് പൊട്ടിത്തകരുകയും ചെയ്യുന്നതാണ് മുതലാളിത്ത രീതി.

**ലോക സമ്പദ്‌വ്യവസ്ഥയെ പിടിച്ചുലച്ചുകൊണ്ടിരിക്കുന്ന സാമ്പത്തിക പ്രതിസന്ധിയിൽ പോറലേൽക്കാതെ തലയുയർത്തി നിൽക്കുന്നു ഇസ്‌ലാമിക ബാങ്കുകളും അനുബന്ധ ധനകാര്യ സ്ഥാപനങ്ങളും. 1394 ബില്യൻ അമേരിക്കൻ ഡോളറാണ് ഇസ്‌ലാമിക ധനകാര്യ മേഖലയുടെ ആസ്തി. എന്നാൽ ഈ സ്ഥാപനങ്ങളെയൊന്നും അമേരിക്കയിലെ പ്രതിസന്ധി ബാധിച്ചിട്ടേയില്ല. പലിശ, ഊഹക്കച്ചവടം, അനിശ്ചിതത്വം, കടങ്ങളുടെ കൈമാറ്റം തുടങ്ങിയവയുടെ നിരോധനമാണ് ഈ സ്ഥാപനങ്ങളുടെ അതിജീവനശേഷി വർധിപ്പിക്കുന്നത്.**

### ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയുടെ പ്രതിസന്ധി

അമിതമായി സ്വകാര്യവത്കരിച്ചതും നിയന്ത്രണങ്ങൾ പൂർണമായി നീക്കിയതുമാണ് അമേരിക്കൻ സമ്പദ്‌വ്യവസ്ഥയെ പിടിച്ചുലച്ചത്. അതിനാൽ, ഇതേ ദിശയിൽ തന്നെ മുന്നോട്ടു നീങ്ങുന്ന മൻമോഹൻ-ചിദംബരം സ്വകാര്യവത്കരണ ഉദാരവത്കരണ കൂട്ടുകെട്ടിന് ഈ തകർച്ച പാഠമാവേണ്ടതാണ്. ഓഹരി വിപണിയിലെ പ്രതിസന്ധികൾ നമ്മുടെ സമ്പദ്‌വ്യവസ്ഥയെയും ബാധിക്കാതിരിക്കില്ല. ഊഹമൂലധനത്തിന്റെ അമിതമായ പ്രവാഹം ഇന്ത്യയിലേക്കുമുണ്ട് എന്നതിനാൽ അമേരിക്കയിൽനിന്നും സുരക്ഷിത സ്ഥാനം തേടി നിക്ഷേപങ്ങൾ ഇന്ത്യയിലേക്ക് വരുന്നത് വർധിക്കാൻ സാധ്യതയുണ്ട്. എന്നാൽ നമ്മുടെ സമ്പദ്‌വ്യവസ്ഥയിലുണ്ടാവുന്ന ചെറിയൊരു ഉലച്ചിൽ ഈ നിക്ഷേപങ്ങൾ പിൻവലിക്കുന്നതിന് കാരണമാവുകയും നമ്മുടെ ധനവ്യവസ്ഥയെ തകർച്ചയിലേക്ക് നയിക്കുകയും ചെയ്യും. സർക്കാറിന്റെ ചെറുതായെങ്കിലുമുള്ള നിയന്ത്രണമാണ് ഇപ്പോൾ ഏക

ആശ്വാസം. നിയന്ത്രണങ്ങൾ തുടർന്നാൽ സമ്പദ്‌വ്യവസ്ഥയിൽ അച്ചടക്കം സാധ്യമാവും. അച്ചടക്കമുള്ള ധനവ്യവസ്ഥക്ക് മാത്രമേ പിടിച്ചുനിൽക്കാനാവൂ.

## സമ്പദ്‌വ്യവസ്ഥ തകരുമോ?

ഇപ്പോഴത്തെ പ്രതിസന്ധി മറികടക്കാൻ സമയമെടുക്കുമെങ്കിലും, പരിഹാരം സാധ്യമാണെന്ന് തന്നെയാണ് ലോക സമ്പദ്‌വിദഗ്ധരുടെ പ്രതീക്ഷ. മുതലാളിത്ത വ്യവസ്ഥയിൽ പല രീതിയിലുള്ള സാമ്പത്തിക കയറ്റിറക്കങ്ങളുണ്ടാവുന്നത് സ്വാഭാവികമാണെന്നാണ് ഇവരുടെ അഭിപ്രായം. 1930-കളിലെ മാന്ദ്യത്തിനു ശേഷം നിരവധി തവണ അത് ആവർത്തിച്ചു. അതെല്ലാം അതിജീവിക്കാൻ അമേരിക്കക്ക് കഴിഞ്ഞിരുന്നു. ഇപ്പോൾ നേരിടുന്നത് അൽപം വലുതാണ് എന്നതാണ് ആശങ്കപ്പെടുത്തുന്നത്. ഫെഡറൽ റിസർവ് ബില്യൻ കണക്കിന് ഡോളർ ധനമേഖലയെ കരകയറ്റാൻ ചെലവഴിക്കുന്നത് രാജ്യത്തിന്റെ മറ്റു മേഖലയെ ബാധിക്കും. വിദേശബാധ്യത വർധിപ്പിക്കും. അത് രാജ്യത്തിന്റെ കെട്ടുറപ്പിനെയും ബാധിക്കും. ലോകത്തെ നമ്പർ വൺ ശക്തിയായി തുടരാൻ കഴിയുമോ എന്നാണ് പ്രധാന ആശങ്ക. ഡോളറിന്റെ അപ്രമാദിത്വമാണ് ഇപ്പോൾ പിടിച്ചുനിൽക്കാൻ സഹായിക്കുന്നത്. ലോകരാഷ്ട്രങ്ങൾ ഡോളറിനെ കൈയൊഴിഞ്ഞാൽ തിരിച്ചടികൾ ഉണ്ടായേക്കാം. ഇസ്‌ലാമിക സാമ്പത്തിക വിദഗ്ധനായ മുൻദിർ കഹ്ഫിന്റെ അഭിപ്രായത്തിൽ, ഈ പ്രതിസന്ധി അമേരിക്കക്ക് ഒരുപാട് പാഠങ്ങൾ നൽകുന്നുവെങ്കിലും വ്യവസ്ഥയുടെ തകർച്ചക്കിടയാക്കില്ല. എന്നാൽ തകർച്ചയിൽനിന്ന് കരകയറുമ്പോഴേക്കും ആയിരക്കണക്കിന് ബില്യൻ ഡോളർ യു.എസ് ജനതക്ക് നഷ്ടപ്പെട്ടിരിക്കും. വർഷങ്ങൾ പിറകോട്ടിറങ്ങാനും വളർച്ചാനിരക്ക് കുറയാനും ഇത് ഇടയാക്കും. ദശലക്ഷങ്ങൾ തൊഴിൽ രഹിതരാവും, ദാരിദ്ര്യം വർധിക്കും. ഓരോ പ്രതിസന്ധിയും ലോകത്തിന് സമ്മാനിക്കുന്നത് ഇതൊക്കെ തന്നെയല്ലേ?

## നഷ്ടംപറ്റിയ പ്രമുഖ അമേരിക്കൻ ബാങ്കുകൾ

### (2008 ജൂൺ വരെയുള്ള കണക്ക്)

| | | |
|---|---|---|
| സിറ്റി ഗ്രൂപ്പ് | 40.7 | ബില്യൻ ഡോളർ |
| യു.ബി.എസ് | 38 | " |
| മിറിൽ ലിഞ്ച് | 31.7 | " |
| എച്ച്.എസ്. ബി.സി | 15.6 | " |
| ബാങ്ക് ഓഫ് അമേരിക്ക | 14.9 | " |
| മോർഗൻ സ്റ്റാൻലി | 12.6 | " |
| റോയൽബാങ്ക് ഓഫ് ഡേകാട്‌ലാന്റ് | 12 | " |
| ജെ.പി മോർഗൻ ചേസ് | 9.7 | " |
| വാഷിംഗ്ടൺ മ്യൂച്ചൽ | 8.3 | " |
| ഡച്ച് ബാങ്ക് | 7.5 | " |
| വാച്ചിവ് | 7.3 | " |
| ക്രെഡിറ്റ് സക്സ് | 6.3 | " |
| മിസോ ഫൈനാൻഷ്യൽ | 5.5 | " |
| ബെയർ സ്റ്റേൺസ് | 3.2 | " |
| ബാർലേയ്സ് | 32 | " |

അവലംബം: ബി.ബി.സി

## പ്രതിസന്ധിയെ അതിജീവിച്ച് ഇസ്‌ലാമിക ബാങ്കുകൾ

ലോക സമ്പദ്‌വ്യവസ്ഥയെ പിടിച്ചുലച്ചുകൊണ്ടിരിക്കുന്ന സാമ്പത്തിക പ്രതിസന്ധിയിൽ പോറലേൽക്കാതെ തലയുയർത്തി നിൽക്കുന്നു ഇസ്‌ലാമിക ബാങ്കുകളും അനുബന്ധ ധനകാര്യ സ്ഥാപനങ്ങളും. ലോകത്ത് 200-ലേറെ ഇസ്‌ലാമിക് ബാങ്കുകൾ പ്രവർത്തിക്കുന്നു. ഇതിൽ അമേരിക്കയിൽ 20-ഉം ബ്രിട്ടനിൽ 23 അടക്കം 70-ഓളം ബാങ്കുകൾ പാശ്ചാത്യ രാജ്യങ്ങളിലാണ്. കൂടാതെ ബോണ്ടുകൾ, പ്രോജക്ട് ഫൈനാൻസിംഗ്, റിയൽ എസ്റ്റേറ്റ് ഫണ്ട്, ഇൻഷുറൻസ് കമ്പനികൾ തുടങ്ങിയ നിരവധി സ്ഥാപനങ്ങൾ വേറെയുമുണ്ട്. 1394 ബില്യൻ അമേരിക്കൻ ഡോളറാണ് ഇസ്‌ലാമിക ധനകാര്യ മേഖലയുടെ ആസ്തി. എന്നാൽ ഈ സ്ഥാപനങ്ങളെയൊന്നും അമേരിക്കയിലെ പ്രതിസന്ധി ബാധിച്ചിട്ടേയില്ല. പലിശ, ഊഹക്കച്ചവടം, അനിശ്ചിതത്വം, കടങ്ങളുടെ കൈമാറ്റം തുടങ്ങിയവയുടെ നിരോധനമാണ് ഈ സ്ഥാപനങ്ങളുടെ അതിജീവനശേഷി വർധിപ്പിക്കുന്നത്. ലാഭേഛയെ മൂല്യബോധത്തിന്റെ മൂശയിൽ വാർത്തെടുക്കുന്നതോടെ അമിതലാഭം എന്ന ചിന്ത പടികടക്കുന്നു. ലാഭനഷ്ട പങ്കാളിത്തം യഥാർഥ ഇടപാടുകളെ മാത്രം പ്രോത്സാഹിപ്പിക്കുന്നു. കടപ്പത്ര വിപണിയിൽ ഇസ്‌ലാമിക് ബോണ്ടായ സുകൂകുകൾ ഏറെ വളർച്ചാദായകമാണെന്ന് വിദഗ്ധർ അഭിപ്രായപ്പെടുന്നു. കാരണം അത് സാധനങ്ങളുടെ യഥാർഥ വിലക്കനുസരിച്ച് വിനിമയം ചെയ്യപ്പെടുകയും മാന്യമായ ലാഭം സൃഷ്ടിക്കുകയും ചെയ്യുന്നു. അതിനാൽ തന്നെ മുതലാളിത്ത ലോകത്ത് ഇസ്‌ലാമിക് ഫൈനാൻസിംഗ് ഉൽപന്നങ്ങൾക്ക് വൻ വളർച്ചയാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്, പലിശാധിഷ്ഠിത ബാങ്കിംഗ് വ്യവസ്ഥക്ക് ക്രിയാത്മക ബദലായി ലോകം രണ്ടു കൈയും നീട്ടി ഇസ്‌ലാമിക് ബാങ്കിംഗിനെ സ്വീകരിക്കുന്ന കാലം വിദൂരമല്ല. ■

mohdpalath@gmail.com